ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

കർത്തേടം ഭാഗത്തുനിന്നും എറണാകുളത്തേയ്ക്ക് ബസ് സർവ്വീസ് പുനരാരംഭിക്കാൻ നടപടി

97 [2234] ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യം അടിയന്തര ഗതാഗത വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ഞാറയ്ക്കൽ നിയോജകമണ്ഡലത്തിലെ കർത്തേടം ഭാഗത്തു നിന്നും എറണാകുളത്തേയ്ക്ക് കെ. എസ്. ആർ. ടി. സി.യുടെ മുടങ്ങി കിടക്കുന്ന ബസ് സർവ്വീസ് പുനരാരംഭിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള മെമ്മോറാണ്ടം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അനുകൂല നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൂടുതൽ ബസ്സുകളുടെ ലഭ്യതയനുസരിച്ച് ഇക്കാര്യം പരിഗണിക്കുന്നതാണ്.

കെ. എസ്. ആർ. ടി. സി., പുതിയതായി വാങ്ങിയ ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ് ബസ്സുകൾ

98 [2235] ശ്രീ. പി. കെ. കെ. ബാവ:
,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. പുതിയതായി വാങ്ങിയ എത്ര ബസ്സുകൾ ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റുകളായി സർവ്വീസ് നടത്തി;

(ബി) അവയിൽ എത്രയെണ്ണത്തിന് ഇതിനകം അപകടങ്ങളിൽപ്പെട്ടും മറ്റും കേടുപാടുകൾ പറ്റിയിട്ടുണ്ട് എന്ന് അറിയിക്കുമോ;

(സി) ഇത്തരം ബസ്സുകൾക്ക് അപകടം പിണയുന്നതിന് എന്താണ് കാരണമെന്ന് അന്വേഷിച്ചിട്ടുണ്ടോ;

(ഡി) ഈ ബസ്സുകളുടെ നിർമ്മാണത്തിൽ എന്തെങ്കിലും സാങ്കേതിക ന്യൂനതകൾ കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 21-5-2001 മുതൽ 19-7-2005 വരെ കെ. എസ്. ആർ. ടി. സി. പുതിയതായി വാങ്ങിയ 630 ഫാസ്റ്റ് ബസ്സുകളും 337 സൂപ്പർ ഫാസ്റ്റ് ബസ്സുകളും സർവ്വീസ് നടത്തി.

(ബി) അവയിൽ 145 ബസ്സുകൾ ഇതിനകം അപകടങ്ങളിൽപ്പെട്ടും മറ്റും കേടുപാടുകൾ പറ്റിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. ഡ്രൈവിംഗിലെ അപാകതകൊണ്ടും റോഡുകളുടെ ശോചനീയാവസ്ഥകൊണ്ടും, മറ്റു വാഹനങ്ങൾ അശ്രദ്ധമായി ഓടിക്കുന്നതുകൊണ്ടും കെ. എസ്. ആർ. ടി. സി. ബസ്സുകൾ അപകടത്തിൽ പെടുന്നുണ്ട്.

(ഡി) സാങ്കേതിക ന്യൂനതകൾ കണ്ടെത്തിയിട്ടില്ല.

റാന്നി വഴിയുള്ള കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ

99 [2236] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട, തിരുവനന്തപുരം, തിരുവല്ല, ചങ്ങനാശ്ശേരി, ആലപ്പുഴ, തൊടുപുഴ, എരുമേലി, പാല, പൂഞ്ഞാർ, പുനലൂർ തുടങ്ങി വിവിധ ഗ്യാരേജുകളിൽനിന്നും റാന്നിവഴി സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സ്ഥിതിവിവരക്കണക്ക് നൽകുമോ;

(ബി) ഈ സർവ്വീസുകൾ മുടങ്ങാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) വിവിധ ഡിപ്പോകളിൽ നിന്നും റാന്നിവഴി സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സ്ഥിതിവിവരക്കണക്ക് താഴെ കൊടുക്കുന്നു:

പത്തനംതിട്ട	.. 7
എരുമേലി	.. 3
തിരുവനന്തപുരം	.. 2
ഈരാറ്റുപേട്ട	.. 2
തിരുവല്ല	.. 9
ആലപ്പുഴ	.. 1
തൊടുപുഴ	.. 1
പുനലൂർ	.. 1
കിളിമാനൂർ	.. 1
മൂലമറ്റം	.. 1

ഈ സർവ്വീസുകളിലൂടെ ആകെ 123 ട്രിപ്പുകൾ റാന്നി വഴിയുണ്ട്.

(ബി) ഈ സർവ്വീസുകൾ മുടങ്ങാതെ ഓടിക്കുവാൻ യൂണിറ്റ് ഓഫീസർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. ഹൈടെക് ബസ്സുകളിൽ സൈഡ് ഗ്ലാസ്സിനു പകരം ഷട്ടർ പിടിപ്പിക്കുന്നതിന് നടപടി

100 [2237] ശ്രീ. തോമസ് ചാഴികാടൻ:
,, കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly